# കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം

(ഹാജർ:രാജീവ് ജി)

നമ്പർ: ബി4/1321/2003

തീയതി: 23-07-2018

വിഷയം:-വ്യവസായം- ഡി.പി പൂവൻതുരുത്ത് - മെ. ചെറുപുഷ്പം ബിൽഡേഴ്സ് - കൈമാറ്റം, പ്രവർത്തിമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:-1) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ 169/69/വ്യവ.തീയതി 05-04-1969.

2) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 297/1970/വ്യവ. തീയതി 24-08-1970.

3) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 60/2013/വ്യവ. തീയതി 10-06-2013

4) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 110/2013/വ്യവ. തീയതി 13-09-2013.

5) ഈ ഓഫീസിലെ 23-05-13 - ലെ ബി1/1321/03-ാം നമ്പർ നടപടിക്രമം.

6) ഈ ഓഫീസിലെ 21-03-07 ലെ ബി1-1321/03-ാം നമ്പർ നടപടിക്രമം.

7) ശ്രീ. ബിജുമോൻ വി.എം., ശ്രീമതി ജാൻസി മാത്യു എന്നിവരുടെ 06-12-16 ലെ അപേക്ഷകൾ.

8) സർക്കാർ ഉത്തരവ് ( ആർ.റ്റി) നമ്പർ 732/2017/വ്യവ. തീയതി 24-05-17.

9) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ ഐ.ഡി5/1127/2013 -ാം നമ്പർ സർക്കുലർ.

10) 26-06-18 ലെ DILAC തീരുമാനം.

കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 500 ൽ പെട്ട 15.5 സെന്റ് സ്ഥലം സൂചന (5) പ്രകാരം ശ്രീ.ബിജുമോൻ വി.എം, വാലുപറമ്പിൽ, ചിങ്ങവനം എന്നയാൾക്ക് ഹവായി ചപ്പൽസ് - ന്റെ നിർമ്മാണത്തിനായി ആഷാ ഫൂട്ട് വെയർ എന്ന പേരിൽ അനുവദിച്ചു നൽകിയിരുന്നു. സൂചന (6) പ്രകാരം മെ. ആഷ ഫുട് വെയർ -ന്റെ പേര് മെ. ചെറുപുഷ്പം ബിൽഡേഴ്സ് എന്നും പ്രവൃത്തി ഓട്ടോമൊബൈൽ ബോഡി ബിൽഡിംഗ്, ഗേറ്റ്, ഗ്രിൽ, ഗ്ലാസ് ആർട്ട് വർക്ക് പ്രോഡക്ട്സ് ആയും മാറ്റി ഉത്തരവായിരുന്നു.

യൂണിറ്റ് ആരംഭഘട്ടത്തിൽ തന്നെ വൻ നഷ്ടത്തിലും സംരംഭകൻ സാമ്പത്തിക ബാധ്യതയിലും ആയതിനാൽ യൂണിറ്റ് തുടർന്നു പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്ത അവസ്ഥയിലാണെന്നും ആയതിനാൽ യൂണിറ്റും സ്ഥലവും ശ്രീമതി ജാൻസി മാത്യു, ചെറുപുഷ്പം ഹൗസ്, ചാന്നാനിക്കാട് പി.ഒ. കോട്ടയത്തിന് കൈമാറ്റം അനുവദിക്കുന്നതിനു ശ്രീ.ബിജുമോൻ വി.എം ഉം മെ.ചെറുപുഷ്പം ബിൽഡേഴ്സ് എന്ന പേരിൽ തന്നെ മെറ്റൽ ഉല്പന്നങ്ങളുടെ നിർമ്മാണവും ഫാബ്രിക്കേഷനും നടത്തുന്നതിനായി യൂണിറ്റും സ്ഥലവും കൈമാറി ലഭിക്കുന്നതിനുള്ള അനുമതിയ്ക്കായി ശ്രീമതി ജാൻസി മാത്യുവും സൂചന (7) പ്രകാരം അപേക്ഷിച്ചിരുന്നു.

യൂണിറ്റിന്റെ കൈമാറ്റത്തിനുള്ള ചെക്ക്ലിസ്റ്റ് പ്രകാരമുള്ള എല്ലാ രേഖകളും സമർപ്പിച്ചിരുന്നു. യൂണിറ്റിന്റെ പേരിൽ ആർ.ആർ നടപടികൾ ഒന്നും നിലവിലില്ലെന്ന, ആർ.ആർ തഹസീൽദാരുടെ റിപ്പോർട്ടും ഇ.എസ്.എസ്/എസ്.ഐ.എസ്/എം.എം.എൽ എന്നിവയിൽ ബാധ്യതകൾ ഇല്ല എന്ന് ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നുള്ള റിപ്പോർട്ടും ലഭിച്ചിരുന്നു. വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ ഐ.ഡി5/1127/13-ാം നമ്പർ സർക്കുലർ പ്രകാരം ഡി.എ/ഡി.പി കളിൽ അസൈൻമെന്റ് ലഭിക്കാത്ത യൂണിറ്റുകളുടെ കൈമാറ്റം/ഘടനാമാറ്റം ഇവയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള അധികാരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് നൽകിയിട്ടുണ്ട്.

മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ മെ. ചെറുപുഷ്പം ബിൽഡേഴ്സ് എന്ന യൂണിറ്റിന്റെ കൈമാറ്റത്തിനുള്ള അപേക്ഷ 26-06-18 ലെ ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിയിൽ പരിഗണിച്ച് പ്രസ്തുത യൂണിറ്റും 15.5 സെന്റ് സ്ഥലവും

ശ്രീമതി ജാൻസി മാത്യുവിന് കൈമാറ്റം ചെയ്തു നൽകുവാൻ തീരുമാനിച്ചു. യൂണിറ്റ് നിലവിലെ ( 01-04-18) സ്ഥലവില നിരക്ക് അനുസരിച്ചുള്ള സ്ഥലവില വ്യത്യാസം അടച്ചിട്ടുണ്ട്. ആയതിനാൽ ചുവടെ ചേർക്കും വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 500 - ൽ പെട്ടതും ശ്രീ.ബിജുമോൻ വി.എം ന് അനുവദിച്ചിരുന്നതുമായ 15.5 സെന്റ് സ്ഥലവും മെ. ചെറുപുഷ്പം ബിൽഡേഴ്സ് എന്ന യൂണിറ്റും വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ ഐ.ഡി5/1127/13-ാം നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ജാൻസി മാത്യു, ചെറുപുഷ്പം ഹൗസ്, ചാന്നാനിക്കാട് പി.ഒ., കോട്ടയം എന്നയാൾക്ക് ചുവടെ ചേർക്കുന്ന വ്യവസ്ഥകളോടെ മെ.ചെറുപുഷ്പം ബിൽഡേഴ്സ് എന്ന പേരിൽ മെറ്റൽ ഉല്പന്നങ്ങളുടെ ഫാബ്രിക്കേഷൻ വർക്ക്സ് നടത്തുന്നതിനായി കൈമാറി നൽകി ഉത്തരവാകുന്നു.

1) ശ്രീമതി ജാൻസി മാത്യു സൂചനയിൽ പരാമർശിച്ചിരിക്കുന്ന ഉത്തരവുകൾ പ്രകാരം സർക്കാരുമായി ഹയർ പർച്ചേസ് വ്യവസ്ഥയിൽ ഉടമ്പടി ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.
2) സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതുമാണ്.
3) ഉത്തരവുതീയതി മുതൽ അടുത്ത 5 വർഷത്തിനകം സ്ഥാപനത്തിന്റെ പേര്/ ആക്ടിവിറ്റി/ഘടനാമാറ്റം/ കൈമാറ്റം എന്നിവയ്ക്ക് അപേക്ഷിക്കുന്നതല്ല എന്ന സത്യവാങ്മൂലം ശ്രീമതി ജാൻസി മാത്യു സമർപ്പിക്കേണ്ടതാണ്.
4) സ്ഥലവിലയുടെ 10% തുക പ്രോസസിംഗ് ഫീസ് അടയ്ക്കേണ്ടതാണ്.

എഗ്രിമെന്റ്, സത്യവാങ്മൂലം എന്നിവ ഉത്തരവു തീയതി മുതൽ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

ഈ ഓഫീസിലെ ഡി.എ/ഡി.പി കളിലെ അലോട്ട്മെന്റ് രജിസ്റ്ററിൽ ഇപ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തിയിരിക്കുന്നു.

ഒപ്പ്/-
ജനറൽ മാനേജർ

സ്വീകർത്താവ്:-

1) ശ്രീമതി ജാൻസി മാത്യു, ചെറുപുഷ്പം ഹൗസ്, ചാന്നാനിക്കാട് പി.ഒ., കോട്ടയം
2) ശ്രീ.ബിജുമോൻ വി.എം, നാലുപറമ്പിൽ ഹൗസ്, ചിങ്ങവനം പി.ഒ.

പകർപ്പ്:-

1) വ്യവസായ വാണിജ്യ ഡയറക്ടർ,
   തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
2) ജനറൽ മാനേജരുടെ സി.എ
3) മാനേജർ ( ക്രഡിറ്റ്)
4) മാനേജർ ( ആർ.ഇ.റ്റി) - വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്
5) എസ്റ്റേറ്റ് ആഫീസർ (അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ - II)
6) സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

മാനേജർ (ക്രഡിറ്റ്)

APR 23-07-18